**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1402** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>അസംഘടിത മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കേരളത്തെ സ്ത്രീസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷയും തുല്യവേതനവും ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** (എ)സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനും വികസനത്തിനും സംരക്ഷണത്തിനും കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വിവിധ നിയമങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ സാമൂഹ്യാവകാശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്ത്രീ സമൂഹം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും കേരളത്തെ സ്ത്രീ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി നടപ്പിലാക്കുന്ന നിയമങ്ങൾ - പോഷ് ആക്ട്, ശൈശവ വിവാഹ നിരോധന നിയമം, സ്ത്രീധന നിരോധന നിയമം, ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് നിയമം എന്നിവ ശക്തമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ, സംവിധാനങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനായി “തുല്യവേതന നിയമം-1976" നിലവിലുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധനകളിലൂടെ ലിംഗഭേദമന്യേ തുല്യവേതനം ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ ഈ നിയമം കേന്ദ്രസർക്കാരിന്റെ വേജ് കോഡിന്റെ (Wage Code) ഭാഗമാണ്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് ഇത് കേരളത്തിലും വേജ് കോഡിന്റെ ഭാഗമാകുന്നതാണ്. സ്ത്രീകൾ തൊഴിൽ സ്ഥലത്ത് നേരിടുന്ന വിവേചനങ്ങൾ പേര് വെളിപ്പെടുത്താതെ അറിയിക്കാൻ "സഹജ കാൾ സെന്റർ” എന്ന സംവിധാനം തൊഴിൽ വകുപ്പ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികളിൽ രഹസ്യ സ്വഭാവം സൂക്ഷിച്ചുകൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നു.

**(ബി)** അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അർഹമായ പ്രസവാവധിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ബി)പത്തോ അതിലധികമോ ജീവനക്കാർ ജോലി ചെയ്യുന്ന സംഘടിത മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കാണ് നിലവിൽ പ്രസവാവധി ബാധകമാക്കിയിട്ടുള്ളത്. സ്വയം തൊഴിൽ ചെയ്യുന്നവരും, പത്തിൽ താഴെ ജീവനക്കാർ ജോലി ചെയ്യുന്നതുമായ സ്ഥാപനങ്ങളാണ് അസംഘടിത മേഖലയിൽ ഉൾപ്പെടുന്നത്. അസംഘടിത മേഖലയിൽ തൊഴിലുടമ-തൊഴിലാളി ബന്ധം കൃത്യമായി നിർവചിക്കാത്ത സാഹചര്യത്തിൽ ടി മേഖലയിൽ പ്രസവാവധി അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിൽ, അസംഘടിത മേഖലയിൽ 12 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. ടി ബോർഡുകൾ വഴി മാര്യേജ് ബെനിഫിറ്റ്, മെറ്റേണിറ്റി ബെനിഫിറ്റ്, ഫ്യൂണറൽ ബെനിഫിറ്റ്, മെഡിക്കൽ ട്രീറ്റ്മെന്റ്, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നല്കുന്നു. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവർക്ക് അർഹതയ്ക്കനുസരിച്ച് മേൽപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.

**(സി)** ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അർഹമായ വിശ്രമവേളയും വിശ്രമസ്ഥലവും സുരക്ഷിതമായ ശുചിമുറി സൗകര്യവും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ഡേ-കെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** (സി) 1960-ലെ ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സെക്ഷൻ 8 പ്രകാരം ഓരോ 4 മണിക്കൂർ ജോലിയ്ക്ക് ശേഷവും വിശ്രമം നിഷ്കർഷിച്ചിട്ടുണ്ട്. 1961-ലെ ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ് ചട്ടം 5A പ്രകാരം ഇടത്തരവും വലുതുമായ എല്ലാ സ്ഥാപനങ്ങളിലും വിശ്രമ മുറികൾ തൊഴിലാളികൾക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ടി ചട്ടത്തിൽ വന്ന ഭേദഗതിയിൽ ചട്ടം 6 ഡി പ്രകാരം ഇരുപതോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും തൊഴിലുടമ സൗജന്യമായി ക്രഷ് സൗകര്യം (ശിശു പരിപാലന സൗകര്യം) ഒരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തൊഴിലിടങ്ങളിലെ വനിതാ പ്രാധിനിത്യം വർദ്ധിപ്പിക്കുന്നതിനും സ്ത്രീകളെ തൊഴിൽ മേഖലകളിൽ നിലനിർത്തുന്നതിനും കുഞ്ഞുങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതെ തന്നെ അസംഘടിത മേഖലയിലടക്കം ജോലി ചെയ്യുന്ന രക്ഷകർത്താക്കൾക്ക് വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെടുന്നതിനും ലക്ഷ്യമിട്ട് കൊണ്ട് വനിതാ-ശിശു വികസന വകുപ്പ് മുഖേന അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PALNA സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാകുകയും ആദ്യ ഘട്ട കേന്ദ്ര ഫണ്ട് റിലീസ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. അതിൽ 218 എണ്ണം ഇതിനോടകം പ്രവർത്തനം തുടങ്ങുകയും ബാക്കിയുള്ളവ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി തുടരുകയും ചെയ്യുന്നുണ്ട്. പ്രസ്തുത 304 യൂണിറ്റ് കൂടാതെ നിലവിൽ 200 യൂണിറ്റ് അങ്കണവാടി കം ക്രഷ് കൂടി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**